LIBRARY ARCHIVES Kerala Legislative Assembly

## ഏറാമല ഗ്രാമപഞ്ചായത്തിൽ വില്ലേജ് ഓഫീസ്

**144(3066)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിലെ ഏറാമല ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാൻ റവന്യൂ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്ന വാടക കെട്ടിടം ജീവനക്കാർക്ക് ഇരിക്കാൻ സൗകര്യം ഇല്ലാത്തതും കോൺക്രീറ്റ് അടർന്നു വീഴുന്നതും ആളുകൾക്ക് കയറാൻപോലും സൗകര്യം ഇല്ലാത്തതുമാണ്. അടിയന്തരമായി ഫണ്ട് അനുവദിച്ച് പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടം പണിയുന്നതുള്ള നടപടികൾ കൈക്കൊള്ളുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഏറാമല വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## റവന്യൂ ദിനം

**145(3067)** ശ്രീ. എം. പി. വിൻസന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) റവന്യൂവകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം ഇടർ നടപടിയാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?